# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
## 2003 ആഗസ്റ്റ് 4-ാം തീയതി തിങ്കളാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -24)


813)ബസ്സുകളുടെ ബോഡി നിർമ്മാണം
814)ഹജ്ജ് തീർത്ഥാടകരെ സൗദി അറേബ്യയിലേക്ക് അയയ്ക്കുന്ന ഏജൻസികൾ
815)ചെറുകിട വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിന് പദ്ധതി
816)വ്യവസായരംഗത്തെ പ്രവാസി നിക്ഷേപം
817)സാമൂഹ്യക്ഷേമ വകുപ്പിലെ ഭരണ നവീകരണ പരിപാടികൾ
818)തിരുവനന്തപുരം-കോഴിക്കോട് കപ്പൽ സർവ്വീസ്
819)അപകടംമൂലം പരിക്കു പറ്റിയവർക്കും ജീവഹാനി സംഭവിച്ചവരുടെ കുടുംബത്തിനും നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് സത്വര നടപടി
820)കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇൻഷ്വർ ചെയ്യുന്ന നടപടി
821)വ്യവസായ വാണിജ്യവകുപ്പ് പുന:സംഘടന
822)നിർക്കോണിയം മെറ്റൽ ഫാക്ടറി സ്ഥാപിക്കുവാൻ നടപടി
823)ഡ്യൂട്ടിക്കിടെ ദേഹാസ്വാസ്ഥ്യം അനുഭവിക്കുന്നവർക്ക് ശാരീരികാധ്വാനം കുറഞ്ഞജോലിയിലേക്ക് മാറ്റം നൽകുന്നതിനുള്ള നടപടി
824)റെയിൽവേ രംഗത്ത് കേന്ദ്ര ഗവൺമെന്റിന്റെ അവഗണന
825)സഹകരണ അർബൻ ബാങ്കുകളെ നിലനിർത്താൻ നടപടി
826)സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രവർത്തനം
827)റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ മോഡേണൈസേഷൻ പദ്ധതി
828)വനിതാഫെഡിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ
829) പുതിയ വ്യവസായ മേഖലകൾ
830) കുറ്റവാളികളായ കുട്ടികളുടെ സംരക്ഷണത്തിന് നടപടി
831) മാരി ടൈം അക്കാഡമി
832) സാമൂഹ്യ ബാധ്യതകൾ മൂലമുള്ള കെ.എസ്.ആർ.ടി.സിയുടെ നഷ്ടം
833) ദേശീയ സഹകരണ വികസന കോർപ്പറേഷൻ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ
834) വ്യവസായരംഗത്ത് നിക്ഷേപം ആകർഷിക്കുന്നതിന് പ്രമോഷണൽ ഏജൻസികളായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടുകൾ
835) ഈറ്റ - പനമ്പ് വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി
836) അനാഥാലയങ്ങൾ


**<u>ബസ്സുകളുടെ ബോഡി നിർമ്മാണം</u>**

*813. ശ്രീ. രാജു എബ്രഹാം :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണത്തിന് നിലവിലുള്ള സംവിധാനങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സ് നിർമ്മിക്കുന്ന കമ്പനികൾക്കുമാത്രം ബോഡി നിർമ്മാണം നൽകണമെന്ന തീരുമാനം കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം കമ്പനികൾക്കാണ് ബസ്ബോഡി നിർമ്മാണച്ചുമതല നൽകിയത് ;

(ഡി) ഈ കമ്പനികൾ, ഒരു ബസ്സിന്റെ ബോഡി നിർമ്മിക്കുന്നതിന് എത്ര തുകയാണ് ഈടാക്കുന്നത് ; ഇപ്പോൾ ടെണ്ടർ മുഖേന ബോഡി നിർമ്മാണം ഏറ്റെടുത്ത കമ്പനിയുടെ പേരും ഈ കമ്പനി ഒരു ബസ് ബോഡി നിർമ്മിക്കുന്നതിന് എത്ര തുകയാണ് നിശ്ചയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ഇ) ബസ് നിർമ്മിക്കുന്ന കമ്പനികൾക്കുതന്നെ ബോഡി നിർമ്മാണവും നൽകുന്നതുമൂലം കെ.എസ്.ആർ.ടി.സി. ബോഡി നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കാൻ കഴിയാതെ വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനു പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. ആർ. ബാലകൃഷ്ണപിള്ള ( ഗതാഗത വകുപ്പുമന്ത്രി):**

(എ) നിലവിലുള്ള സംവിധാനം പൂർണ്ണമായും ഉപയോഗിക്കുന്നുണ്ട്. കോമ്പോസിറ്റ് ബോഡിയിൽ നിന്നും ആൾമെറ്റൽ ബസ് ബോഡിയിലേക്ക് മാറ്റം പൂർണ്ണമായിരിക്കുകയാണ്.

സെൻട്രൽ വർക്ക്സിൽ ഇതിനുള്ള സംവിധാനം വിപുലപ്പെടുത്തി പരിചയസമ്പന്നരായ തൊഴിലാളികളെ കൊണ്ട് ബസ്സ് ബോഡിനിർമ്മാണം പുരോഗമിച്ച് വരികയാണ്. ബസ്സ് ബോഡി കിറ്റ് വാങ്ങി നിർമ്മാണം തുടരുന്നതോടൊപ്പം തന്നെ സ്വന്തമായി ആൾമെറ്റൽ ബസ്സ് ബോഡി നിർമ്മിച്ച് ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്.

(ബി) ഇത്തരം ഒരു തീരുമാനം എടുത്തിട്ടില്ല.

(സി) ബസ് ബോഡി നിർമ്മാണച്ചുമതല അശോക് ലൈലാന്റിന്റെ പാർട്ണർഷിപ്പുള്ള കഞകദഅഞഠഡട നെ ഏൽപ്പിച്ചു.

(ഡി) കഞകദഅഞഠഡട സൂപ്പർ ഫാസ്റ്റിന് 5,70,000 രൂപയും സൂപ്പർ ഡീലക്സിന് 6,99,000 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. ഇപ്പോൾ ടെൻഡർ മുഖേന 3 കമ്പനികൾക്ക് താഴെപ്പറയുന്ന പൊതുനിരക്കിൽ ബോഡി നിർമ്മാണച്ചുമതല ഏൽപ്പിച്ചിട്ടുണ്ട്.

1. ഒമ്യവെമ ണവലലഹ ങീ്യേ, ആമിഴഹീൃല.
2. കൃശ്വമ്യഠഢട, ഠൃശരവ്യ.
3. ഒശഠലരവ അൗീ ഇ്യമളഉ, അഹമുുൗവമ.

സൂപ്പർ ഡീലക്സ് - 7,28,000 രൂപ
സൂപ്പർ ഫാസ്റ്റ് - 5,48,000 രൂപ
ഫാസ്റ്റ് പാസഞ്ചർ - 5,12,550 രൂപ

(ഇ) കെ.എസ്.ആർ.ടി.സി.യുടെ ബോഡി നിർമ്മാണ യൂണിറ്റുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. സെൻട്രൽ വർക്ക്സിൽ ആൾമെറ്റൽ ബസ് ബോഡിയുടെ നിർമ്മാണത്തിന് വേണ്ടുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തി ഒരുമാസം ഏതാണ്ട് 12 ബസ്സ്ബോഡി നിർമ്മിച്ചുകൊണ്ടിരിക്കുന്നു.

## ഹജ്ജ് തീർത്ഥാടകരെ സൗദി അറേബ്യയിലേക്ക് അയയ്ക്കുന്ന ഏജൻസികൾ

*814. ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹജ്ജ് തീർത്ഥാടകരെ സൗദി അറേബ്യയിലേക്ക് അയയ്ക്കുന്ന എത്ര സ്വകാര്യ ഏജൻസികളുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത്തരം ഏജൻസികളുടെ മേൽ ഗവൺമെന്റിന് നിയന്ത്രണം ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് നിയന്ത്രണങ്ങളെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ഇത്തരം ഏജൻസികളുടെ കാര്യക്ഷമത, ഉത്തരവാദിത്വം എന്നിവ ഉറപ്പുവരുത്താൻ ഗവൺമെന്റ് നിയന്ത്രണമേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി ( വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** :

(എ) സംസ്ഥാനത്ത് നിന്ന് ഹജ്ജ് തീർത്ഥാടകരെ സൗദിയിലേക്ക് അയയ്ക്കുന്ന ഏതാണ്ട് 55 ഓളം സ്വകാര്യ ഏജൻസികളുണ്ട്.

(ബി) & (സി) ഉണ്ട്. താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കുന്ന സ്വകാര്യ ഹജ്ജ് ടൂർ ഏജൻസികൾക്ക് മാത്രമേ വിദേശകാര്യവകുപ്പിന്റെ രജിസ്ട്രേഷൻ ലഭിക്കുകയുള്ളു.

1) 25 ലക്ഷം രൂപ വാർഷിക ടേൺഓവറുള്ള 10-ൽ കുറയാത്ത അംഗങ്ങളുള്ള സ്വകാര്യ ഏജൻസികൾ ആയിരിക്കണം.
2) ഈ ഏജൻസികൾ കഴിഞ്ഞ രണ്ടുവർഷക്കാലം നിലവിലുള്ളതായിരിക്കണം.
3) കേന്ദ്രഗവൺമെന്റിന്റെ വിദേശകാര്യവകുപ്പിൽ രജിസ്റ്റർ ചെയ്ത സ്വകാര്യ ഏജൻസികൾക്കും വ്യക്തികൾക്കും മാത്രമേ സൗദി ഗവൺമെന്റ് ഹജ്ജ വിസ അനുവദിക്കുകയുള്ളു.

(ഡി) കേന്ദ്രസർക്കാരിന്റെ വിദേശകാര്യമന്ത്രാലയം അസോസിയേഷന് അംഗീകാരം കോടുക്കുന്നതിനുള്ള ഒരു നിബന്ധന, ഈ അസോസിയേഷനിലെ ഏതെങ്കിലും അംഗം കൊണ്ടുപോകുന്ന തീർത്ഥാടകൻ സൗദി അറേബ്യയിൽ നിരാലംബനായി അലയുവാൻ ഇടയായാൽ ടിയാന്റെ ചെലവു മുഴുവൻ അസോസിയേഷൻ വഹിക്കും എന്നതാണ്. അതിനാൽ ഈ അസോസിയേഷനുകൾ മുഖേന പോകുന്ന ഹജ്ജ് തീർത്ഥാടകരുടെ സുരക്ഷ അതാത് അസോസിയേഷന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലായിരിക്കും.

## ചെറുകിട വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിന് പദ്ധതി

*815. ശ്രീ. ടി.വി. ചന്ദ്രമോഹൻ :

ശ്രീ. ലൂഡി ലൂയിസ് :
പ്രൊഫ. എ.ഡി. മുസ്തഫ
ശ്രീ. ടി.യു. രാധാകൃഷ്ണൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള ഒരു വൻപിച്ച പദ്ധതിക്ക് രൂപം കൊടുക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(സി) ഇതിനുവേണ്ടി ഒരു പ്രത്യേക പുനരുദ്ധാരണ ഫണ്ട് ഉണ്ടാക്കാനുദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :**

(എ)(ബി)&(സി) ചെറുകിട വ്യവസായരംഗം സജീവമാക്കാനും പീഡിതവ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനും സമഗ്രമായ പരിപാടികൾ നടപ്പിലാക്കി വരുന്നു. നിലവിലുള്ള പീഢിത വ്യവസായ പുനരുദ്ധാരണ പദ്ധതി കൂടുതൽ ആശ്വാസസഹായ നടപടികൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്ക്കരിക്കുന്നതിനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വകുപ്പുമേധാവികളുടേയും ധനകാര്യ സ്ഥാപനങ്ങളുടേയും സഹായത്തോടേയും അംഗീകാരത്തോടെയും പുനരുദ്ധാരണത്തിന് ഉള്ള ഒരു പാക്കേജ് അടങ്ങുന്ന പ്രോജക്ട് റിപ്പോർട്ട് തയായാറാക്കുന്നതിനും അതിനായി പ്രൊഫഷണൽ ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തുവാനുമാണ് ഉദ്ദേശിക്കുന്നത്. വിപണനം, സാങ്കേതിക ഉന്നമനം, മാനേജ്മെന്റ് പരിശീലനം എന്നിവ നൽകി പീഢിത വ്യവസായ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

## വ്യവസായരംഗത്തെ പ്രവാസി നിക്ഷേപം

*816. ശ്രീ. വി.കെ.സി. മമ്മതുകോയ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. കെ.വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസികളുടെ നിക്ഷേപം വർദ്ധിച്ചിട്ടുണ്ടോ ; വ്യവസായരംഗത്ത് പ്രവാസി നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ;

(ബി) ഗ്ളോബൽ ഇൻവെസ്റ്റർ മീറ്റിൽ പ്രവാസികളുടേതായ എത്ര നിക്ഷേപം പ്രതീക്ഷിക്കുകയുണ്ടായി ;

(സി) നിക്ഷേപം സംബന്ധിച്ച് പ്രവാസികളുമായി ധാരണയിലെത്തിയ പദ്ധതികളെത്ര ;

(ഡി) ധാരണയായ ഏതെല്ലാം പദ്ധതികൾ നടപ്പിൽ വരുത്തുകയുണ്ടായി ;

(ഇ) പ്രവാസി മലയാളികൾ ഇപ്പോൾ നിക്ഷേപം സംബന്ധിച്ച് എന്തെങ്കിലും ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ടോ ;

(എഫ്) നിക്ഷേപം വ്യവസായ മേഖലയുടെ വളർച്ചക്ക് ചാനലൈസ് ചെയ്യുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

**ഉത്തരം**

**പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്. പ്രവാസി നിക്ഷേപ സമാഹരണത്തിന് സർക്കാർ എടുത്തിട്ടുള്ള നടപടികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) &(സി) കേരളത്തിലെ മാറിയ നിക്ഷേപ സാഹചര്യങ്ങളെപ്പറ്റിയും നിക്ഷേപത്തിന് സംസ്ഥാനത്ത് ലഭ്യമായ അനന്ത സാദ്ധ്യതകളെപ്പറ്റിയും ആഗോളതലത്തിൽ പ്രചാരണവും ബോധവത്ക്കരണവും നടത്തി നിക്ഷേപകരെ ആകർഷിക്കുക എന്നതായിരുന്നു ജിം-ന്റെ ലക്ഷ്യം.

കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ 1450.50 കോടി മുതൽമുടക്ക് പ്രതീക്ഷിക്കുന്ന 15 പദ്ധതികൾക്കാണ് ജിം-ൽ പ്രവാസികളുമായി ധാരണാപത്രം ഒപ്പുവച്ചത്.

കിൻഫ്രയുടെ പാർക്കുകളിൽ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുവേണ്ടി ധാരണയിലെത്തിയത് 10 പദ്ധതികൾക്കാണ്.

(ഡി) പദ്ധതികളെല്ലാം വിവിധ ഘട്ടങ്ങളിലാണ്, നടപ്പിൽ വന്നു കഴിഞ്ഞിട്ടില്ല.

(ഇ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഉണ്ട്.

## സാമൂഹ്യക്ഷേമ വകുപ്പിലെ ഭരണ നവീകരണ പരിപാടികൾ

*817. ശ്രീമതി പി.കെ. ശ്രമതി ടീച്ചർ :

ശ്രീ. ടി.കെ. ബാലൻ :

ഡോക്ടർ തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ നടപ്പിലാക്കുവാൻ ആലോചിക്കുന്ന ഭരണ നവീകരണ പരിപാടികൾ എന്തൊക്കെയാണ് ;

(ബി) ഇതു സംബന്ധമായി 2003 ജൂലായ് 16 മുതൽ 18 വരെ എം.ജി.പി. സംഘടിപ്പിച്ച വർക്ക്ഷോപ്പിൽ ഉണ്ടായ തീരുമാനങ്ങൾ എന്തൊക്കെയാണ് ;

(സി) സാമൂഹ്യക്ഷേമ വകുപ്പ് നടത്തിവരുന്ന ക്ഷേമ സ്ഥാപനങ്ങൾ എൻ.ജി.ഒ. (നോൺ ഗവൺമെന്റ് ഓർഗനൈസേഷൻ) സംഘടനകളെ ഏൽപ്പിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഇ) സാമൂഹ്യക്ഷേമ വകുപ്പിൽ ഇപ്പോൾ വകുപ്പിനു പുറത്തുനിന്ന് കൺസൾട്ടന്റുമാർ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവർ നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണ് ;

(എഫ്) സാമൂഹ്യക്ഷേമ വകുപ്പ് സേവനങ്ങൾക്ക് ഫീസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** :

(എ) ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി അഗതികൾക്കും ആലംബഹീനർക്കും വേണ്ടിയുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി സാമൂഹ്യക്ഷേമ വകുപ്പു വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) അഗതികൾക്കും ആലംബഹീനർക്കുമായി വിഭാവനം ചെയ്തിട്ടുള്ള സാമൂഹ്യസുരക്ഷാ പദ്ധതിയുടെ ആക്ഷൻ പ്ലാൻ ചർച്ച ചെയ്യുകയാണുണ്ടായത്. തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) സാമൂഹ്യക്ഷേമ വകുപ്പിൽ ഇപ്പോൾ കൺസൾട്ടന്റുമാർ പ്രവർത്തിക്കുന്നില്ല.

(എഫ്) ഇല്ല.

## തിരുവനന്തപുരം-കോഴിക്കോട് കപ്പൽ സർവ്വീസ്

*818. ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കോഴിക്കോട് കപ്പൽ സർവ്വീസ് ആരംഭിക്കുവാൻ സർക്കാരിന് പരിപാടിയുണ്ടോ ;

(ബി) ഇതിനായി ഏതെങ്കിലും ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനായി കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

**ഉത്തരം**

**ശ്രീ. ആർ ബാലകൃഷ്ണപിള്ള (ഗതാഗത വകുപ്പുമന്ത്രി)** :

(എ) തിരുവനന്തപുരം-കോഴിക്കോട് റൂട്ടിൽ കടൽമാർഗ്ഗം ഒരു കറ്റാമറൻ സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

## അപകടംമൂലം പരിക്കു പറ്റിയവർക്കും ജീവഹാനി സംഭവിച്ചവരുടെ കുടുംബത്തിനും നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് സത്വര നടപടി

*819. ശ്രീ. ജോസഫ് എം. പുതുശ്ശേരി :

ശ്രീ. സ്റ്റീഫൻ ജോർജ്ജ് :

ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അപകടംമൂലം പരിക്കു പറ്റിയവർക്കും ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങൾക്കും നഷ്ടപരിഹാരം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ ;

(സി) ഇത്തരം കേസുകളിൽ എത്രയുംവേഗം നഷ്ടപരിഹാരത്തുക ലഭ്യമാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ;

(ഡി) നഷ്ടപരിഹാരത്തുക നൽകുന്നതിന് എത്ര കേസ്സുകൾ നിലവിൽ ഉണ്ടെന്നും ഇതിൻപ്രകാരം നൽകാനുള്ള തുക എത്രയെന്നും അറിയിക്കുമോ ?

**ഉത്തരം**

**ശ്രീ. ആര്‍ ബാലകൃഷ്ണപിള്ള (ഗതാഗത വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) സാമ്പത്തിക പരിമിതികള്‍ കൊണ്ട് യഥാസമയം നഷ്ടപരിഹാരം കൊടുക്കാന്‍ ചിലപ്പോള്‍ സാധിച്ചിട്ടില്ല.

(സി) സ്വീകരിക്കുന്നുണ്ട്.

(ഡി) 10,479 കേസ്സുകള്‍ നിലവിലുണ്ട്. ഇതിന്‍പ്രകാരം 15,71,85,000 രൂപ നല്‍കുവാനുണ്ട്. .

## കെ.എസ്.ആര്‍.ടി.സി. ബസ്സുകള്‍ ഇന്‍ഷ്വര്‍ ചെയ്യുന്ന നടപടി

*820. ശ്രീ. എന്‍.ഡി. അപ്പച്ചന്‍ :
ശ്രീ. എം.എ. ചന്ദ്രശേഖരന്‍ :
ശ്രീ. എന്‍. ശക്തന്‍ :
ശ്രീ. കെ.എ. ചന്ദ്രന്‍ :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി. ബസ്സുകള്‍ ഒരുമാസം ശരാശരി എത്ര അപകടങ്ങളില്‍പ്പെടാറുണ്ട് ;

(ബി) കെ.എസ്.ആര്‍.ടി.സി. ബസ്സുകള്‍ ഇന്‍ഷ്വര്‍ ചെയ്തിട്ടുണ്ടോ;

(സി) അവയ്ക്ക് തേഡ്പാര്‍ട്ടി ഇന്‍ഷ്വറന്‍സ് എടുത്തിട്ടുണ്ടോ ;

(ഡി) ഇല്ലാത്തപക്ഷം അപകടങ്ങളില്‍പ്പെടുന്ന ബസ്സുകള്‍ നന്നാക്കുവാനും അപകടത്തില്‍പ്പെട്ടവര്‍ക്ക് നഷ്ടപരിഹാരം നല്‍കുവാനും കെ.എസ്.ആര്‍.ടി.സി.ക്ക് പ്രതിമാസം എന്തു തുക വേണ്ടിവരും ;

(ഇ) കെ.എസ്.ആര്‍.ടി.സി.യുടെ ബസ്സുകള്‍ ഇന്‍ഷ്വര്‍ ചെയ്യുന്നതിനും 'തേഡ്പാര്‍ട്ടി ഇന്‍ഷ്വറന്‍സ്' തുക അടയ്ക്കുന്നതിനും ഒരു മാസം ശരാശരി എന്തു തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. ആര്‍. ബാലകൃഷ്ണപിള്ള (ഗതാഗത വകുപ്പുമന്ത്രി) :**

(എ) കെ.എസ്.ആര്‍.ടി.സി. ബസ്സുകള്‍ ഒരുമാസം ശരാശരി 62 അപകടങ്ങളില്‍പ്പെടാറുണ്ട്.

(ബി) 23-11-1998 മുതല്‍ കെ.എസ്.ആര്‍.ടി.സി. ചില ബസ്സുകള്‍ക്ക് ഇന്‍ഷ്വറന്‍സ് എടുക്കുകയും 31-3-2002-ല്‍ ആകെ 2,111 ബസ്സുകള്‍ ഇന്‍ഷ്വര്‍ ചെയ്യുകയും ചെയ്തിരുന്നു. ഇപ്പോള്‍ വോള്‍വോ ബസ്സുകള്‍ക്ക് മാത്രമേ ഇന്‍ഷ്വറന്‍സ് പരിരക്ഷയുള്ളു.

(സി) ഇന്‍ഷ്വര്‍ ചെയ്ത ബസ്സുകള്‍ക്ക് തേഡ്പാര്‍ട്ടി ഇന്‍ഷ്വറന്‍സ് ആണ് എടുത്തിരുന്നത്.

(ഡി) അപകടങ്ങളില്‍പ്പെടുന്ന ബസ്സുകള്‍ നന്നാക്കുവാന്‍ ശരാശരി 2 ലക്ഷം രൂപയും അപകടത്തില്‍പ്പെട്ടവര്‍ക്ക് നഷ്ടപരിഹാരം നല്‍കുവാന്‍ ശരാശരി 50 ലക്ഷം രൂപയും പ്രതിമാസം കെ.എസ്.ആര്‍.ടി.സി.ക്ക് വേണ്ടിവരും.

(ഇ) കെ.എസ്.ആര്‍.ടി.സി. ബസ്സുകള്‍ ഇന്‍ഷ്വര്‍ ചെയ്യുന്നതിനുവേണ്ടി സ്റ്റേറ്റ് ഇന്‍ഷ്വറന്‍സ് ഡിപ്പാര്‍ട്ടുമെന്റുമായി ചര്‍ച്ചകള്‍ നടന്നുകൊണ്ടിരിക്കുകയാണ്. തേഡ്പാര്‍ട്ടി ഇന്‍ഷ്വറന്‍സ് തുക അടയ്ക്കുന്നതിനുവേണ്ടി ഒരുമാസം ശരാശരി 35 ലക്ഷം രൂപ വേണ്ടിവരും.

## വ്യവസായ വാണിജ്യവകുപ്പ് പുന:സംഘടന

821. ശ്രീ. കെ. വി. കുഞ്ഞിരാമന്‍
ശ്രീ ടി.കെ. ബാലന്‍
ശ്രീ രാജു എബ്രഹാം
ശ്രീ വി. ചെന്താമരാക്ഷന്‍ : താഴെക്കാണുന്ന ചോദ്യങ്ങള്‍ക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പമന്ത്രി മറുപടി നല്‍കുമോ;

(എ) വ്യവസായ വാണിജ്യവകുപ്പ് പുനസംഘടിപ്പിക്കുന്നതിന് സര്‍ക്കാര്‍ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ഇത് സംബന്ധിച്ച റിപ്പോര്‍ട്ട് തയ്യാറാക്കുന്നതിന് സര്‍ക്കാര്‍ ഏതെങ്കിലും ഏജന്‍സികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കില ഏത് ഏജന്‍സിയെ ആണെന്നും, അവര്‍ നല്‍കിയ പ്രധാന ശുപാര്‍ശകള്‍ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഡി) വകുപ്പ് പുന:സംഘടന എപ്പോള്‍മുതല്‍ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) പുന:സംഘടനയുടെ ഭാഗമായി ജീവനക്കാരെ തരംതാഴത്താനോ പുനർവിന്യസിക്കാനോ പിരിച്ചുവിടാനോ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശങ്ങള വെളിപ്പെടുത്തുമോ ?

**ഉത്തരം**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) ഉണ്ട്

(സി) വ്യവസായ വകുപ്പു പുന:സംഘടനെയെപ്പറ്റി പഠനം നടത്തുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയുണ്ടായി. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെയും, ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും പ്രവർത്തനം പുന:സംഘടിപ്പിക്കുക, താലൂക്ക്തല സംവിധാനം ഒഴിവാക്കുക, ബ്ളോക്കുതല സംവിധാനം ശക്തിപ്പെടുത്തുക എന്നിവയാണ് റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ

(ഡി) യും (ഇ) യും (എഫ്) ഉം :- പുനസംഘടനാ സംബന്ധമായ റിപ്പോർട്ട് സർക്കാർ പരിഗണനയിലിരിക്കുന്നതേയുളളു. തീരുമാനമൊന്നും എടുത്തിട്ടില്ല.

## നിർക്കോണിയം മെറ്റൽ ഫാക്ടറി സ്ഥാപിക്കുവാൻ നടപടി

822. ശ്രീ. ഡി. സുഗതൻ
ശ്രീ എ.പി. അനിൽകുമാർ
ശ്രീ എ. സുജനപാൽ
ശ്രീ എ.എം. ആഗസ്തി
ശ്രീ എം.കെ. പോൾസൺമാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പമന്ത്രി മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ലഭ്യമായ ധാതുമണലിൽ നിന്ന് നിർക്കോണിയം ഉൽപ്പാദിപ്പിക്കുവാൻ കഴിയുമോ;

(ബി) സംസഥാനത്ത് ഒരു സിർക്കോണിയം മെറ്റൽ ഫാക്ടറി സ്താപിക്കുവാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ;

(സി) ഇല്ലാത്തപക്ഷം സഹകരണമേഖലയുടെ സഹകരണത്തോടുകൂടി ഒരു സിർക്കോണിയം ഫാക്ടറി സ്ഥാപിക്കുന്നതിനുളള സാദ്ധ്യത ആരായുമോ?

**ഉത്തരം**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) ഉല്പാദിപ്പിക്കുവാൻ കഴിയും

(ബി) യും (സി) യും :- ഇക്കാര്യം സർക്കാർ ഇതുവരെ ആലോചിച്ചിട്ടില്ല.

## ഡ്യൂട്ടിക്കിടെ ദേഹാസ്വാസ്ഥ്യം അനുഭവിക്കുന്നവർക്ക് ശാരീരികാധ്വാനം കുറഞ്ഞജോലിയിലേക്ക് മാറ്റം നൽകുന്നതിനുളള നടപടി

823. ശ്രീ. കെ. മുഹമ്മദാലി
ശ്രീ വർക്കല കഹാർ
പ്രൊഫ.എ.ഡി. മുസ്തഫ
ശ്രീ. പി.ടി. തോമസ്
ശ്രീ എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പമന്ത്രി മറുപടി നൽകുമോ;

(എ) കെ.എസ്. ആർ.ടി.സി.യിലെ ജീവനക്കാർ കർത്തവ്യ നിർവ്വഹണത്തി ലേർപ്പെട്ടിരിക്കെ അപകടമുണ്ടാവുകയും ദേഹാസ്വാസ്ഥ്യം മൂലം ഡ്രൈവറോ കണ്ടക്ടറോ എന്ന നിലയിൽ ജോലിചെയ്യാൻ കഴിയാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ അവർക്ക് ശാരീരികാധ്വാനം കുറഞ്ഞ ജോലിയിലേക്ക് മാറ്റം നൽകാറുണ്ടോ;

(ബി) എല്ലാത്തപക്ഷം അതിനുളള കാരണമെന്ത്;

(സി) ഇപ്രകാരം ദേഹാസ്വാസ്ഥ്യമുളളവർക്ക് മറ്റ് ലഘുവായ ജോലി കൊടുക്കണമെന്ന് കോടതിയുത്തരവുളള പക്ഷം അവർക്ക് മറ്റ് ജോലികൾ കൊടുക്കാറുണ്ടോ;

(ഡി) നിലവിൽ ഡ്യൂട്ടിക്കിടെ ഉണ്ടായ അപകടത്തിന്റെ ഫലമായി പ്രയാസമില്ലാത്ത ജോലി നൽകണമെന്ന് എത്രപേർ ആവശ്യപ്പെട്ടിട്ടുണ്ട്;

(ഇ) അവർക്ക് അത്തരം ജോലി കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**
**ശ്രീ. ആർ. ബാലകൃഷ്ണപിളള (ഗതാഗത വകുപ്പുമന്ത്രി)**

(എ) ഇവർക്ക് മെഡിക്കൽ ബോർഡിന്റെ ശുപാർശ പ്രകാരം പരമാവധി ആറു മാസത്തേക്ക് ലൈറ്റ് ഡ്യൂട്ടി അനുവദിക്കാറുണ്ട്. എന്നാൽ തസ്തികമാറ്റം വഴി ശാരീരികാധ്വാനം കുറഞ്ഞ ജോലി നൽകാറില്ല.

(ബി) 26.11.94 ലെ 45757/എൽ.3/94/പി.ഡബ്ല്യൂ. ആന്റ് റ്റി നമ്പർ പ്രകാരമുളള ഉത്തരവിൽ ഒരു ജീവനക്കാരന് അയാളെ നിയമിച്ച തസ്തികയിൽ ജോലിചെയ്യാൻ ശാരീരിക അസ്വാസ്ഥ്യം കൊണ്ട് കഴിയാതെ വന്നാൽ ആനുകൂല്യങ്ങൾ നൽകി പിരിഞ്ഞുപോകാൻ അനുവദിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ നിയമം കെ. എസ്.ആർ.ടി.സി യിലും സർക്കുലർ നമ്പർ 78512/ജി.എൽ.2/ആർ.റ്റി.സി. തീയതി 3.12.94 പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. തസ്തികമാറ്റം നടത്തുന്നത് പാടില്ലായെന്ന് നമ്പർ എ കകക (2).265/89/സി.ഡബ്ല്യൂ. തീയതി 18.4.2001 ലെ കത്ത് പ്രകാരം പി.എസ്.സി അറിയിച്ചിട്ടുണ്ട്.

(സി) കോടതി ഉത്തരവുകൾ നടപ്പാക്കാറുണ്ട്.

(ഡി) 54 പേർ ഡ്യൂക്കിക്കിടയിൽ ഉണ്ടായ അപകടത്തിന്റെ ഫലമായി പ്രയാസമില്ലാത്ത ജോലി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) അവർക്ക് നിലവിലുളള നിയമം അനുശാസിക്കുന്ന 6 മാസത്തേയ്ക്ക് ലൈറ്റ് ഡ്യൂട്ടി അനുവദിച്ചിട്ടുണ്ട്.

## <u>റെയിൽവേ രംഗത്ത് കേന്ദ്ര ഗവൺമെന്റിന്റെ അവഗണന</u>

824. ശ്രീ. മത്തായി ചാക്കോ
ശ്രീ കെ.പി. സതീശ് ചന്ദ്രൻ
ശ്രീ കെ. രാധാകൃഷ്ണൻ
ശ്രീ എ.കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പമന്ത്രി മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് റെയിൽവേ രംഗത്ത് പുതിയ പദ്ധതികൾ അനുവദിക്കുന്നതിലും നിലവിലുളള വികസന പദ്ധതികൾ പൂർത്തിയാക്കുന്നതിലും ഫണ്ട് അനുവദിക്കുന്നതിലും കേന്ദ്ര സർക്കാര കാണിക്കുന്ന അവഗണന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടൊ;

(ബി) റെയിൽവേ വികസനവുമായി ബന്ധപ്പെട്ട ഏതെല്ലാം കാര്യങ്ങളിൽ കേന്ദ്രം അവഗണന തുടരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) 2003-04 -ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾക്കും വകയിരുത്തിയ തുക വിശദമാക്കുമോ;

(ഡികേരളം ആവശ്യപ്പെട്ട ഏതെല്ലാം പദ്ധതികൾ ബഡ്ജറ്റിൽ പരിഗണിക്കപ്പെടുകയുണ്ടായില്ലെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**
**ശ്രീ. ആർ. ബാലകൃഷ്ണപിളള (ഗതാഗത വകുപ്പുമന്ത്രി)**

(എ) ഇക്കാര്യത്തിൽ ശരിയായ പരിഗണന ലഭിച്ചിട്ടില്ലായെന്നുളള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന് പ്രത്യേകമായി ഒരു റെയിൽവേ സോൺഷ പുതിയ പാതകളുടെ നിർമ്മാണം നിലവിലുളള പാതകളുടെ ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും സമയബന്ധിതമായി നടപ്പാക്കുന്നതിനും പഴയ റെയിൽവേ പാലങ്ങൾക്കു പകരം പുതിയ പാലങ്ങൾ നിർമ്മിക്കുന്ന കാര്യത്തിലും മതിയായ പരിഗണന ലഭിക്കുന്നില്ല.

(സി) 94.55 കോടി രൂപ

(ഡി) എറണാകുളം -കായംകുളം(ആലപ്പുഴ വഴി) പാതയുടെ ഇരട്ടിപ്പ് കേരളത്തിന് പ്രത്യേകമായി ഒരു റെയിൽവേ സോൺ. നിലമ്പൂർ-നഞ്ചൻഗുഡ് ജുതിയ പാത, നെടുമ്പാശ്ശേരിയിൽ ഒരു പുതിയ റെയിൽവേ സ്റ്റേഷൻ നിർമ്മാണം

## <u>സഹകരണ അർബൻ ബാങ്കുകളെ നിലനിർത്താൻ നടപടി</u>

825. ശ്രീ. യു.സി. രാമൻ
ശ്രീ സി. മമ്മുട്ടി
ശ്രീ.പി.കെ. അബ്ദുറബ്ബ്

ശ്രീ ടി.പി.എം. സാഹിർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പമന്ത്രി മറുപടി നൽകുമോ;

(എ) കേരളത്തിൽ പുതുതായി രൂപം കൊണ്ട അർബൻ സർവീസ് സഹകരണ ബാങ്കുകൾ അർബൻ സൊസൈറ്റിയാക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ്;

(സി) അർബൻ സൊസൈറ്റിയും അർബൻ സഹകരണ ബാങ്കും തമ്മിലുളള വ്യത്യാസം വിശദമാക്കുമോ;

(ഡി) നന്നായി പ്രവർത്തിച്ചുവരുന്നതും നല്ല ഷെയർ ക്യാപ്പിറ്റൽ ഉളളതുമായ സഹകരണ ബാങ്കുകൾ സൊസൈറ്റി ആക്കി മാറ്റുന്നതിലുളള പ്രായോഗിക ബുദ്ധിമുട്ട് പരിഗണിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ നിലവിലുള്ള സഹകരണ അർബൻ ബാങ്കുകളെ ബാങ്കുകളായും, സൊസൈറ്റികളെ സൊസൈറ്റികളായും നിലനിർത്തുമോ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി)**

(എ) പുതിയതായി രൂപംകൊണ്ട ലൈസൻസ് ഇല്ലാത്ത അർബൻ ബാങ്കുകളെ അർബന സഹകരണ സംഘങ്ങളാക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) 1969-ലെ കേരള സഹകരണ നിയമത്തിലെ ചട്ടം 15 (1) (എ) (3) (ബി) പ്രകാരം തരംതിരിച്ചിട്ടുളള ലൈസൻസില്ലാത്ത അർബൻ സഹകരണ ബാങ്കുകളുടെ വിഭാഗത്തിൽ പുതിയതായി രജിസ്റ്റർ ചെയ്ത ലൈസൻസില്ലാത്ത അർബൻ സഹകരണ ബാങ്കുകൾ ഉൾപ്പെടുന്നില്ലായെന്നും, ടി ബാങ്കുകൾ കേരള സഹകരണ നിയമത്തിലെ വകുപ്പു് 2 (ഒ.ബി) പ്രകാരം നിർവ്വചിച്ചിട്ടുളള പ്രാഥമിക സഹകരണ സംഘമാണെന്നും ബഹു ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പു സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ, റിസർവ് ബാണങ്ക് അധികൃതർ എന്നിവരുടെ സംയുക്തയോഗം, ടി ബാങ്കുകളെ അർബൻ സഹകരണ സംഘമാക്കാൻ തീരുമാനിക്കുകയുണ്ടായിന്ന

(സി) കേരളത്തിലെ നഗര അർദ്ധ നഗര പ്രദേശങ്ങളിലെ ജനങ്ങൾ അംഗങ്ങളായി അവരുടെ കാർഷികേതര ആവശ്യങ്ങൾക്കുളള പണമിടപാടുകൾ നിറവേറ്റുന്നതിനുവെണ്ടി രൂപീകരിച്ച പ്രാഥമിക സഹകരണ സംഘങ്ങളെ അർബന സഹകരണ സംഘങ്ങളെന്നും പറയുന്നു.

ഭാരതീയ റിസർവ് ബാങ്കിന്റെ പ്രവേശന വ്യവസ്ഥകൾ പാലിച്ച് സഹകരണ സംഘം രജിസ്ട്രാർ മുഖേന അപേക്ഷിസ്സ് ഭാരതീയ റിസർവ് ബാങ്കിന്റെ തത്വത്തിലുളള അംഗീകാരം (ഇൻ പ്രിൻസിപ്പൽ അപ്രൂവൽ) നേടി രജിസ്റ്റർ ചെയ്ത് ബാങ്കിംഗ് ലൈസൻസോടുകൂടി 1969-ലെ കേരള സഹകരണ നിയമത്തിന്റെയും 1949-ലെ ബാങ്കിംഗ് നിയന്ത്രണ നിയമത്തിന്റെയും ഇരട്ട നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതുമായ ബാങ്കുകളെയാണ് സഹകരണ അർബൻ ബാങ്കുകൾ എന്ന് പറയുന്നത്.

(ഡി) ഉണ്ട്

(ഇ) നിലവിലുളള കോടതി വിധി പ്രകാരവും ഭാരതീയ റിസർവ് ബാങ്കിന്റെ നിർദ്ദേശപ്രകാരവും ഇങ്ങനെ നിലനിർത്താൻ സാധിക്കാത്ത സ്ഥിതിയുണ്ട്

## <u>സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രവർത്തനം</u>

826. ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പമന്ത്രി മറുപടി നൽകുമോ;

(ഇ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികൾ രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) സെക്യൂരിറ്റി ഉൾപ്പെടെ വിവിധ ജോലികൾക്ക് ആളുകളെ തിരഞ്ഞെടുത്ത് ജോലിക്ക് നിയമിക്കുന്ന സംസ്ഥാനത്തെ വിവിധ ഏജൻസികളുടെ പ്രവർത്തനം നിയന്ത്രണ വിധേയമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ ഏജൻസികൾ മുഖാന്തിരം ജോലിക്ക് നിയമിക്കുന്നവർക്ക് മിനിമം വേജസ് നൽകാത്തതിനെതിരെ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) റിക്രൂട്ടിംഗ് ഏജൻസികൾ അഡ്വാൻസ് വാങ്ങി ജീവനക്കാരെ നിയമിച്ചശേഷം ന്യായമായ ശമ്പളം നൽകാതെ ജോലി ചെയ്യിക്കുന്ന സംവിധാനത്തെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പുമന്ത്രി)**

(എ) 1960-ലെ കടകളും വാണിജയസ്ഥാപനങ്ങളും നിയമത്തിലെ വകുപ്പ് 5 (എ) പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കടകളും വാണിജ്യ സ്താപനങ്ങളും രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥയുണ്ട്. അപ്രകാരം രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങളുടെ കൂട്ടത്തിൽ സ്വകാര്യ റിക്രൂട്ടിംഗ്

ഏജൻസികളും ഉൾപ്പെടും. ഇരുപതോ അതിൽകൂടുതലോ തൊഴിലാളികളെ ഏതെങ്കിലും ഒരു സ്ഥാപനത്തിലെ ജോലിക്ക് നിയോഗിക്കുകയാണെങ്കിൽ പ്രസ്തുത റിക്രൂക്ട്ടിംഗ് ഏജൻസി 1970 ലെ കോൺട്രാക്റ്റ് ലേബർ റെഗുലേഷൻ ആന്റ് അബോളിഷൻ നിയമത്തിന്റെ പരിധിയില വരുന്നതും ആ നിയമത്തിലെ വകുപ്പു (12) പ്രകാരം ലൈസൻസ് എടുക്കാൻ ബാദ്ധ്യതയുള്ളതുമാകുന്നു.

(ബി) സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ ഫലപ്രദമല്ലെന്ന് കാണുന്നപക്ഷം അവയിൽ ആവശ്യമായ ഭേദഗതി വരുത്തുന്നകാര്യം പരിഗണിക്കുന്നതാണ്.

(സി) സ്വകാര്യ ഏജൻസികൾ മുഖാന്തിരം ജോലിക്ക് നിയമിക്കപ്പെടുന്നവർക്ക് അവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം ലഭിക്കുന്നതിന് അർഹതയുണ്ട്. അപ്രകാരം മിനിമം വേതനം ലഭിക്കത്ത സാഹചര്യത്തിൽ ടി നിയമത്തിലെ വകുപ്പ് 20(2) പ്രകാരം ക്ളയിം പെറ്റീഷൻ ഫയൽ ചെയ്ത് പരിഹാരം കാണാവുന്നതാണ്. കൂടാതെ സെക്യൂരിറ്റി ജീവനക്കാർക്ക് പ്രത്യേകമായി മിനിമം വേതനം നിശ്ചയിക്കുന്നതിന് കമ്മിറ്റി രൂപീകരണത്തിനുള്ള നടപടകൾ സ്വീകരിച്ചുവരികയാണ്.

(ഡി) സ്വകാര്യ ഏജൻസികൾ തൊഴിൽ നിയമങ്ങളുടെ പരിധിയിൽ വരുന്ന സ്താപനങ്ങളിലെ തൊഴിലാളികൾക്ക് അർഹതപ്പെട്ട ശമ്പളം നൽകിയിട്ടില്ലെങ്കിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ആ നിയമപ്രകാരവും മറ്റുള്ളവർക്ക് 1947-ലെ തൊഴിൽ തർക്ക നിയമപ്രകാരവും ന്യാമയമായ വേതനം ലഭിക്കുന്നതിന് തൊഴിൽ തർക്കം ഉന്നയിച്ചും പരിഹാരം കാണാവുന്നതാണ്.

## റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ മോഡേണൈസേഷൻ പദ്ധതി

827. ശ്രീ. വി. ജെ. പൗലോസ്
ശ്രീ എം.കെ. പോൾസൺമാസ്റ്റർ
ശ്രീ.പി.ജെ. ജോയി
ശ്രീ എ.പി. അനിൽകുമാർ
ശ്രീ ഇ.എം അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പമന്ത്രി മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ മോഡേണൈസേഷനുള്ള പദ്ധതിയ്ക്ക് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഈ പദ്ധതികളിൽ ബി.ഒ.ടി. സ്കീം പ്രകാരം നടപ്പാക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. ആർ. ബാലകൃഷ്ണപിളള (ഗതാഗത വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ വാണിജയവൽക്കരിക്കാനാണ് ഉദ്ദെശിക്കുന്നത്.

(സി൦ കോഴിക്കോട് ബസ് സ്റ്റേഷനു വേണ്ടി കളകളകഗകചഎഞഅ യുമായി എഗ്രിമെന്റ് വച്ചുകഴിഞ്ഞു. മൂന്നർ, കാസർഗോഡ്, കോട്ടയം ബസ് സ്റ്റാന്റുകളിൽ വ്യാപാര സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ബി.ഒ.റ്റി വ്യവസ്ഥയിൽ ചർച്ചകൾ പുരോഗമിക്കുന്നു.

## വനിതാഫെഡിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ

828. ശ്രീ. പി. നാരായണൻ
ശ്രീ എം.കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പമന്ത്രി മറുപടി നൽകുമോ;

(എ) വനിതാ സഹകരണ സംഘങ്ങളുടെ അപ്പക്സ് ബോഡിയായ വനിതാഫെഡ് രൂപീകരിച്ചതെന്നാണ്; ഇതിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) വനിതാഫെഡിന് തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുണ്ടോ; ഇല്ലെങ്കിൽ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇതിന്റെ ഭരണസമിതിയലേക്ക് തിരഞ്ഞെടുപ്പ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി)**

(എ) 20.12.2002 ൽ പ്രധാന പ്രവർത്തന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. വനിതകളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് ഫണ്ട് സ്വരൂപിച്ച് അംഗസംഘങ്ങൾ മുഖേന വനിതകൾക്ക് സാമ്പത്തിക സഹായം നൽകുക
2. പ്രാഥമിക വനിതാ സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് സഹായിക്കുക.
3. വനിതാ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് പരിശീലനം നൽകുക
4. വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക

(ബി) നിയമാവലി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി ഇല്ല. 05.03.2003 ൽ കൂടിയ ആദ്യ പൊതുയോഗം തെരഞ്ഞെടുത്ത 7 പേരടങ്ങിയ കമ്മറ്റിയാണ് ഇപ്പോൾ നിലവിലുള്ളത്.
(സി) ഉണ്ട്. നിയമാവലിയ്ക്കും സഹകരണ ചട്ടത്തിനും വിധേയമായി തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**<u>പുതിയ വ്യവസായ മേഖലകൾ</u>**

829 ശ്രീ. പി.സി.ജോർജ്ജ് :
ശ്രീ. കെ.കെ.ജയചന്ദ്രൻ :
ഡോ.തോമസ് ഐസക് :
ശ്രീ. വി.കെ.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:
(എ) വ്യവസായിക തർക്കനിയമത്തിൻ കീഴിൽ പബ്ലിക് യൂട്ടിലിറ്റി സർവീസിന്റെ പദവി നൽകിക്കൊണ്ട് പുതിയ വ്യവസായമേഖലകൾ സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;
(ബി) ഈ മേഖലകൾ സ്ഥാപിക്കുന്നതിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം സംബന്ധിച്ച് വിശദമാക്കുമോ ;
(സി) വ്യവസായ മേഖല സ്ഥാപിക്കാൻ സ്വകാര്യ മേഖലയിൽ നിന്നും നിക്ഷേപകരെ കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വെളിപ്പെടുത്തുമോ ;
(ഡി) മുൻ സാമ്പത്തികവർഷം ഇതിലേക്ക് ബഡ്ജറ്റിൽ എന്തു തുക വകയിരുത്തുകയുണ്ടായി ;
(ഇ) ഏതെല്ലാം സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഏതെല്ലാം വ്യവസായ മേഖലകൾ സ്ഥാപിക്കുന്നതിന് ഇതിനകം നടപടികൾ ആയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി ) :**

(എ) വ്യവസായ തർക്കനിയമത്തിൻ കീഴിൽ പബ്ലിക് യൂട്ടിലിറ്റി സർവീസിന്റെ പദവി നൽകിക്കൊണ്ട് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, പാലക്കാട് എന്നീ സ്ഥലങ്ങളിൽ കിൻഫ്രയുടെ മേൽനോട്ടത്തിൽ വ്യവസായമേഖലകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ട്.

(ബി) ഈ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടുകൂടി നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) വ്യവസായ മേഖലക്ക് ആവശ്യമായ ഭൂമി ഏറ്റെടുത്തതിനു ശേഷം അവിടെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വകാര്യ മേഖലയിലെ പങ്കാളിയെ ഒരു മത്സര ടെണ്ടർ പ്രക്രിയയിലൂടെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ക്രമമാണ് സ്വീകരിച്ചിരിക്കുന്നത്. സ്വകാര്യ പങ്കാളിയുടെ സാങ്കേതികവും, സാമ്പത്തികവുമായ മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും തെരഞ്ഞെടുപ്പ് നടത്തുക.

(ഡി) മുൻ സാമ്പത്തിക വർഷം ഇതിനായി ഒരു കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിനു വേണ്ടി ഇതുവരെ തുകയൊന്നും ചെലവവിച്ചിട്ടില്ല. വ്യവസായ മേഖലക്ക് വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ഇപ്പോൾ നടന്നുവരുന്നതേയുള്ളു. ഈ വ്യവസായ മേഖലകൾ സ്ഥാപിക്കുന്നതിനുള്ള വിശദമായ പഠനങ്ങൾ നടത്തുന്നതിന് വേണ്ടി ടെൻടർ മുഖാന്തിരം ഒരു ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ കിൻഫ്ര നടത്തി വരുന്നു. പഠനങ്ങൾ പൂർത്തിയായതിനു ശേഷം മാത്രമേ വ്യവസായ മേഖലകൾ സ്ഥാപിക്കുന്നതിനുള്ള വിശദാംശങ്ങൾ തീരുമാനിക്കുകയുള്ളു.

(ഇ) സ്വകാര്യ പങ്കാളിത്തത്തോടുകൂടി വ്യവസായ മേഖലകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലായതിനാൽ വിശദാംശങ്ങൾ ലഭ്യമല്ല.

**<u>കുറ്റവാളികളായ കുട്ടികളുടെ സംരക്ഷണത്തിന് നടപടി</u>**

830 ശ്രീ. എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :
(എ) സംസ്ഥാനത്തെ കുറ്റവാളികളായ കുട്ടികളുടെ സംരക്ഷണത്തിനും മാനസിക പരിവർത്തനത്തിനും ക്ഷേമത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;
(ബി) വിശദാംശം വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി ) :**

(എ) & (ബി) സംസ്ഥാനത്തെ കുറ്റവാളികളായ കുട്ടികളുടെ സംരക്ഷണത്തിനും മാനസിക പരിവർത്തനത്തിനും ക്ഷേമത്തിനുമായി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

കുറ്റവാളികളായ 18 വയസ്സിന് താഴെ പ്രായമുള്ള ആൺകുട്ടികളേയും പെൺകുട്ടികളേയും കേസിന്റെ വിചാരണയുടെ കാലങ്ങളിൽ അവരെ പാർപ്പിച്ച് സംരക്ഷിക്കുന്നതിനു വേണ്ടി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട്, പാലക്കാട്, മഞ്ചേരി, വയനാട്, കാസർഗോഡ്, തലശ്ശേരി എന്നിവിടങ്ങളിൽ ആൺകുട്ടികൾക്കു വേണ്ടിയുള്ള ഒബ്സർവേഷൻ ഹോമുകളും പെൺകുട്ടികൾക്കുവേണ്ടി കോഴിക്കോട് ജില്ലയിൽ ഒരു ഒബ്സർവേഷൻ ഹോമും പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ പേരിലുള്ള കേസുകൾ കൈകാര്യം ചെയ്യുന്നത് രണ്ടു സാമൂഹ്യ പ്രവർത്തകരും ഒരു ജുഡീഷ്യൽ ഫസ്റ്റ്ക്ളാസ്സ് മജിസ്ട്രേറ്റും ഉൾപ്പെടുന്ന ഒരു ബോർഡാണ്. പുതിയ ജുവൈനൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കാത്തതിനാൽ ജുവൈനൽ ജസ്റ്റിസ് ബോർഡ് രൂപീകരിച്ചിട്ടില്ല. താൽക്കാലികമായി ഇവരുടെ കേസുകൾ അതാത് ജില്ലകളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കൈകാര്യം ചെയ്യുന്നു. സാധാരണ കോടതി കൈകാര്യം ചെയ്യുന്നതിന് പകരം ബന്ധപ്പെട്ട ഒബ്സർവേഷൻ ഹോമുകലോടനുബന്ധിച്ചുള്ള ജുവൈനൽ കോടതികളിലാണ് വിചാരണ നടത്തുന്നത്. വിചാരണയിൽ കുട്ടി കുറ്റവാളിയാണെന്ന് സ്ഥിരീകരിച്ചാലും ഇൻസ്റ്റിറ്റ്യൂഷനിൽ പ്രവേശിപ്പിക്കുന്നത് മററ് ബദൽ സംവിധാനങ്ങളായ മാതാപിതാക്കളുടെ കൂടെ അയക്കുക, കൗൺസലിംഗ് നൽകുക, കമ്യൂണിറ്റി സർവീസ് ചെയ്യിക്കുക, പ്രോബേഷനിൽ വിടുതൽ ചെയ്യുക മുതലായവ സാധ്യമാകാത്ത കേസിൽ മാത്രമാണ് കുട്ടികളെ സ്ഥാപനങ്ങളിൽ പാർപ്പിക്കുന്നത്. കുട്ടികളെ സ്ഥാപനങ്ങളിൽ പാർപ്പിക്കുന്നത് ഒഴിവാക്കണമെന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പകരം സംവിധാനെം ഏർപ്പെടുത്താൻ കഴിയാത്ത കുട്ടികളെ പാർപ്പിച്ച് സംരക്ഷിക്കാൻ വേണ്ടി ആൺകുട്ടികൾക്കായി ഒരു സ്പെഷ്യൽഹോം തിരുവനന്തപുരത്തും പെൺകുട്ടികൾക്കായി ഒരു സ്പെഷ്യൽഹോം കോഴിക്കോട്ടും പ്രവർത്തിക്കുന്നു. കോഴിക്കോട് സ്പെഷ്യൽ ഹോമിൽ ഇപ്പോൾ ആരെയും പാർപ്പിച്ചിട്ടില്ല. തിരുവനന്തപുരം സ്പെഷ്യൽ ഹോമിൽ 6 ആൺകുട്ടികൾ ഉണ്ട്. ഈ സ്ഥാപനത്തിൽ 7-ാം ക്ളാസ്സ് വരെയുള്ള വിദ്യാഭ്യാസത്തിനും, കാർപ്പെന്ററി, തയ്യൽ പരിശീലനം, നെയ്ത്ത് തുടങ്ങിയവക്കുമുള്ള സംവിധാനവുമുണ്ട്.

**മാരി ടൈം അക്കാഡമി**

831 ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് മാരിടൈം അക്കാഡമി സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഈ അക്കാഡമിയിൽനിന്നും ഏതൊക്കെ രീതിയിലുള്ള പരിശീലന പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എം.വി.രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി ) :**

(എ) ഇല്ല. എന്നാൽ തിരുവനന്തപുരത്ത് വലിയതുറ എന്ന സ്ഥലത്തെ തുറമുഖ പരിസരത്ത് ഒരു മാരി ടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) & (സി) കേരളത്തിലെ യുവാക്കൾക്ക് ഇന്ത്യയിലേയും വിദേശരാജ്യങ്ങളിലേയും കപ്പലുകൾ, മത്സ്യബന്ധന ബോട്ടുകൾ, തുറമുഖത്ത് ഉപയോഗിക്കുന്ന ജലവാഹനങ്ങൾ, ഉൾനാടൻ ഗതാഗത ബോട്ടുകൾ മുതലായവയിലും കോസ്റ്റ്ഗാർഡ്, ഇൻഡ്യൻ നേവി എന്നിവിടങ്ങളിലും ജോലി ലഭിക്കുന്നതിന് സഹായകമായ പരിശീലനം നൽകുകയെന്നതാണ് മാരി ടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ.

(ഡി) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഷിപ്പിംഗ് ഡയറക്ടർ ജനറലിന്റെ അംഗീകാരമുള്ള കോഴ്സുകൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ 60 കുട്ടികൾക്ക് 4 മാസം വീതം ദൈർഘ്യമുള്ള സീമെൻ ട്രെയിനിംഗ് കോഴ്സും അനുബന്ധമായിട്ടുള്ള ഷോർട്ട്ടേം മോഡുലർ കോഴ്സുകളും നടത്താൻ ഉദ്ദേശിക്കുന്നു.

**സാമൂഹ്യ ബാധ്യതകൾ മൂലമുള്ള കെ.എസ്.ആർ.ടി.സിയുടെ നഷ്ടം**

832 ശ്രീ. സാജു പോൾ :

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ :

ശ്രീ. പിരപ്പൻകോട് മുരളി :

ശ്രീ. വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ തീരുമാനം അനുസരിച്ചുള്ള സാമൂഹ്യ ബാധ്യതകൾ നിർവഹിക്കുന്നതുമൂലം കെ.എസ്.ആർ.ടി.സിക്കുണ്ടാകുന്ന നഷ്ടം സർക്കാർ വകവച്ച് കൊടുക്കാറുണ്ടോ ;

(ബി) സർക്കാർ പുറപ്പെടുവിച്ച ധവളപത്രത്തിൽ കെ.എസ്.ആർടി.സിയുടെ പ്രതി വർഷ നഷ്ടം എത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) സാമൂഹ്യ ബാധ്യതകൾ നിർവഹിക്കുന്നതുമൂലം ഉണ്ടായ നഷ്ടം കണക്കാക്കി അത്രയും തുക കെ.എസ്.ആർ.ടി.സി.യിൽ മൂലധനനിക്ഷേപം നടത്താൻ സർക്കാർ തയ്യാറാകുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.ക്ക് സർക്കാർ നൽകിയ തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ ; ഇത് സാമൂഹ്യ ബാധ്യതകൾ നിർവഹിക്കുന്നതുമൂലം ഉണ്ടായ നഷ്ടത്തിന്റെ എത്ര ശതമാനം തുകയാമെന്ന് വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**

**ശ്രീ.ആർ.ബാലകൃഷ്ണപ്പിള്ള ( ഗതാഗത വകുപ്പുമന്ത്രി )**

(എ) നിലവിലുള്ള സംസ്ഥാന സാമ്പത്തിക സ്ഥിതി കണക്കിലെടുക്കുമ്പോൾ ഇക്കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവാഹമില്ല.

(ബി) സർക്കാർ പുറപ്പെടുവിച്ച ധവളപത്രം പ്രകാരം 2000-01-ലെ കണക്കനുസരിച്ച് കെ.എസ്.ആർടി.സിയുടെ നഷ്ടം 130 കോടി രൂപയാണ് .

(സി) നിലവിലുള്ള സാമ്പത്തിക സ്ഥിതി കണക്കിലെടുക്കുമ്പോൾ ഇക്കാര്യവും ഇപ്പോൾ പരിഗണിക്കുവാൻ നിർവാഹമില്ല.

(ഡി) 2001-02, 2002-03 വർഷങ്ങളിലെ ബഡ്ജറ്റിൽ വക കൊള്ളിച്ചിരിക്കുന്ന 11 കോടി രൂപ സർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് നൽകിയിട്ടുണ്ട്.

**<u>ദേശീയ സഹകരണ വികസന കോർപ്പറേഷൻ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ</u>**

833. ശ്രീ. ബിനോയ് വിശ്വം :

ശ്രീ.എൻ.രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുർബല വിഭാഗങ്ങളുടേയും കർഷകരുടേയും ക്ഷേമത്തിനായി ദേശീയ സഹകരണ വികസന കോർപ്പറേഷൻ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആ പദ്ധതികൾ എന്തെല്ലാമാണെന്നും ഓരോ പദ്ധതിക്കും എത്ര കോടി രൂപ വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. എം.വി.രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി ) :**

(എ) ഉണ്ട്.

(ബി) ദുർബ്ബല വിഭാഗങ്ങളുടേയും കർഷകരുടേയും ക്ഷേമത്തിനായുള്ള താഴെപ്പറയുന്ന പദ്ധതികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

**<u>പൊതുവിഭാഗം:</u>**

| | | |
|---|---|---|
| 1. | ഗോഡൗൺ നിർമ്മാണം | 16.76 കോടി രൂപ |
| 2. | ഓയിൽ പ്രോസസ്സിംഗ് | 74.25 കോടി രൂപ |
| 3. | റബ്ബർ-പഴം-പച്ചക്കറി സംസ്ക്കരണം | 35.42 കോടി രൂപ |
| 4. | ഫാർമേഴ്സ് സർവീസ് സെന്ററുകൾ | 9.78 കോടി രൂപ |
| 5. | പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗം | 2.27 കോടി രൂപ |

| | | |
|---|---|---|
| 6. | കൃഷി | 38.65 കോടി രൂപ |
| 7. | വനിതാസഹകരണ സംഘങ്ങൾ | 0.38 കോടി രൂപ |
| 8. | പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗം | 0.46 കോടി രൂപ |

**ആകെ : 178.97 കോടി രൂപ.**

## വ്യവസായരംഗത്ത് നിക്ഷേപം ആകർഷിക്കുന്നതിന് പ്രമോഷണൽ ഏജൻസികളായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടുകൾ

834 ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായരംഗത്ത് നിക്ഷേപം ആകർഷിക്കുന്നതിന് പ്രമോഷണൽ ഏജൻസികളായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂഷനുകൾ ഏതൊക്കെയാണ് ;

(ബി) അവയുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(സി) അവ ഓരോന്നും ഏതെല്ലാം നിലയിലുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ സംഘടിപ്പിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; മുൻവർഷവും തന്നാണ്ടിലും ബഡ്ജറ്റിൽ ഈ ഏജൻസികൾക്ക് അധികമായി വകയിരുത്തിയ തുകയെത്ര; ഇതിനകം എന്ത് തുക ചെലവഴിക്കുകയുണ്ടായി

(ഡി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനഫലമായി ഗ്രാമീണ ചെറുകിട വ്യവസായ മേഖലയിൽ കഴിഞ്ഞ രണ്ടു വർഷമായി പുതുതായി എത്ര വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഗ്രാമീണ ചെറുകിട വ്യവസായ മേഖലയിലെ വ്യവസായ യൂണിറ്റുകളിൽ കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ പ്രവർത്തനരഹിതമായിരുന്നവ എത്ര ശതമാനമാണ് ; സെക്ടർ തിരിച്ച് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി ) :**

(എ) താഴെപ്പറയുന്ന സ്ഥാപനങ്ങളാണ് പ്രധാനമായും പ്രമോഷണൽ ഏജൻസികളായി പ്രവർത്തിക്കുന്നത്.

1. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി)
2. കേരളാ ഇൻഡസ്ട്രിയൽ ഇൻഫ്രാ സ്ട്രക്ചർ ഡവലപ്പമെന്റ് കോർപ്പറേഷൻ. ( കിൻഫ്ര)
3. കേരളാ ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ)
4. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി)
5. ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രോമോഷൻ (കെ.ബി.പി)

(ബി) ഉണ്ട്.

(സി) ഓരോ ഏജൻസിയുടെ പ്രവർത്തനത്തെപ്പറ്റിയുള്ള വിശദീകരണം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.

പ്രസ്തുത ഏജൻസികൾക്ക് 2002-03-ലും 2003-04-ലും വകയിരുത്തിയിട്ടുള്ള തുകയുടെ കണക്ക് അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.

(ഡി) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ചെറുകിട വ്യവസായ മേഖലയിൽ 31315 ചെറുകിട വ്യവസായ യൂണിറ്റുകൾ വ്യവസായ വകുപ്പിന്റെ കീഴിൽ രജിസ്ടർചെയ്തിട്ടുണ്ട്.

(ഇ) ചെറുകിട വ്യവസായ മേഖലയിൽ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ 1184 യൂണിറ്റുകൾ പീഡിതമായി കണ്ടെത്തിയിട്ടുണ്ട്.

**ഈറ്റ – പനമ്പ് വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി**

835 ശ്രീ. പി.എസ്.സുപാൽ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഈറ്റത്തൊഴിലാളികൾക്ക് ഈറ എത്തിച്ചു കൊടുക്കുന്നതിന് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുളള സംവിധാനങ്ങൾ എന്തെല്ലാം ;

(ബി) സംസസ്ഥാനത്ത് ഈറ്റ വിതരണം നിലച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതുകൊണ്ടുളള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പരമ്പരാഗത ഈറ്റ – പനമ്പ് വ്യവസായമേഖലകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി ) :**

(എ) കോർപ്പറേഷന്റെ ഈറ്റവെട്ടു തൊഴിലാളികൾ വനത്തിൽ നിന്നും ഈറ്റ ശേഖരിച്ച് ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർ വഴി കോർപ്പറേഷന്റെ വിവിധ ഡിപ്പോകളിൽ എത്തിക്കുന്നു. ഡിപ്പോകളിൽ നിന്നും കോർപ്പറേഷന്റെ രജിസ്ടേർഡ് തൊഴിലാളികൾക്ക് ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി ഈറ്റ വിതരണം ചെയ്യുന്നു.

(ബി) ഉണ്ട്.

(സി) പനംപ് പ്രധാനമായും ഉപയോഗിച്ചിരുന്നത് കരിംപു കൃഷിക്കാരും (ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ), സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ, സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുമാണ്. വടക്കു കിഴക്കൻ പ്രദേശങ്ങളിൽ നിന്നും ലഭിക്കുന്ന സമാനമായ ആസ്സാംമാറ്റ് വിലകുറഞ്ഞതും, സുലഭമായി ലഭിക്കുന്നതുമായതിനാൽ ബാംബൂ കോർപ്പറേഷന്റെ പനംപിന് പൊതുവെ ആവശ്യം കുറവാണ്. കൂടാതെ കോർപ്പറേഷൻ വിതരണം ചെയ്യുന്ന ഈറ്റ ശേഖരണവിലയേക്കാൾ കുറഞ്ഞ വിലക്കാണ് കോർപ്പറേഷൻ നെയ്ത്തുകാർക്ക് വിതരണം ചെയ്യുന്നത്. ഇതുമൂലം കോർപ്പറേഷന് വമ്പിച്ച സാമ്പത്തിക ബാധ്യത ഉണ്ടാകുന്നു. ഇത് പരിഹരിക്കുന്നതിനായി ഈറ്റയുടെ വിതരണവില വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉയർന്ന ഗുണനിലവാരമുള്ള ബാംബൂ പ്ളൈക്ക് മറ്റ് ഉൽപന്നങ്ങളെക്കാൾ വില കൂടുതലായതിനാൽ അവയുടെ വില്പനയിലും മാന്ദ്യം നേരിട്ടിട്ടുണ്ട്. വിൽപന കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ ജീവനക്കാരെ ആ വിഭാഗത്തിലേക്ക് നിയോഗിച്ചിട്ടുണ്ട്. വൈവിധ്യവല്ക്കരണത്തിന്റെ ഭാഗമായി ഈറ്റ ഉപയോഗിച്ച് വില കുറഞ്ഞ പ്ളൈവുഡ് പരീക്ഷണാടിസ്ഥാനത്തിൽ ലാമിനേറ്റു ചെയ്തു. ഈ രണ്ട് ഉൽപന്നങ്ങളുടേയും വ്യവസായികാടിസ്ഥാനത്തിലുള്ള ഉൽപാദനത്തിനുള്ള ശ്രമം നടത്തി വരുന്നു. ബാംബൂ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഒരു ബാംബൂ മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

**അനാഥാലയങ്ങൾ**

836. ശ്രീ. എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വക എത്ര അനാഥാലയങ്ങളുണ്ട് ;

(ബി) സർക്കാർ വക അനാഥാലയങ്ങളിലെ കുട്ടികളുടെ സംരക്ഷണത്തിനായി സാമൂഹ്യക്ഷേമവകുപ്പ് എന്തെല്ലാം സഹായങ്ങൾ ചെയ്തു വരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ അനാഥാലയങ്ങൾക്കും മറ്റ് ധർമ്മ സ്ഥാപനങ്ങൾക്കും സർക്കാർ നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) കുട്ടികളെ ദത്തെടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് സാമൂഹ്യക്ഷേമവകുപ്പ് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി ) :**

(എ) സർക്കാരിന്റെ അധീനതയിൽ അനാഥാലയങ്ങൾ പ്രവർത്തിക്കുന്നില്ല.

(ബി) ബാധകമല്ല.

(സി) സംസ്ഥാനത്ത് സന്നദ്ധ സംഘടനകൾ നടത്തുന്ന അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് ബോർഡിംഗ് ഗ്രാൻറായി പ്രതിമാസം 125 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. അന്തേവാസികളുടെ മാനസീക ശാരീരിക ഉല്ലാസത്തിനായി കലാകായിക മേളകൾ നടത്താനും ധനസഹായം നൽകുന്നുണ്ട്. കൂടാതെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും ധനസഹായം നൽകുന്നു.

(ഡി) കുട്ടികളെ ദത്തെടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് 14 ഏജൻസികൾ പ്രവർത്തിക്കുന്നു.